# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4030** **03/02/2014-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകൾ പൊതുമേഖലാ കമ്പനിയിൽ നിന്നും വാങ്ങുന്നതിന് നടപടി

**ചോദ്യം** **മറുപടി**

**ശ്രീ. രാജു എബ്രഹാം**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് സൗജന്യമായി വിതരണം നടത്തുന്ന ജനറിക് മരുന്നുകളുടെ വിതരണ പദ്ധതി എന്നു മുതലാണ് നടപ്പാക്കി വരുന്നത് ; | (എ) | സർക്കാർ ആശുപത്രികളിലെത്തുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെ എല്ലാ വിഭാഗം രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം നടത്തുന്ന പദ്ധതി ആരംഭിച്ചത് 2012 നവംബർ 1 ന് ആയിരുന്നു. |
| (ബി) | ഏതെല്ലാം രോഗങ്ങൾക്കെതിരായ മരുന്നുകളാണ് പ്രസ്തുത പദ്ധതി മുഖേന വിതരണം ചെയ്യുന്നതെന്നും അവ ഏതൊക്കെ മരുന്നുകളാണെന്നും വിശദമാക്കാമോ; | (ബി) | എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി നൽകി വന്നിരുന്ന അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട (EDL) മരുന്നുകൾക്കു പുറമെ വ്യാപകമായി ഉപയോഗിക്കുന്നതും ആശുപത്രിയിലെ സൗജന്യ വിതരണത്തിൽ ഉൾപ്പെടാത്ത, പുറത്തു നിന്നും വാങ്ങാനായി കുറിപ്പു കൊടുത്തു വിടുന്ന മരുന്നുകളാണ് പ്രധാനമായും ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ത്വക് രോഗം, ഗൈനക്കോളജി, തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ട രോഗങ്ങൾക്കും ആവശ്യമായ മരുന്നുകളാണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. മരുന്നുകളുടെ പട്ടിക **അനുബന്ധം I** ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | ഒരു വർഷം സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകളുടെ വിതരണത്തിനായി എന്തു തുകയാണ് ചെലവഴിക്കുന്നത്; പ്രസ്തുത മരുന്നുകൾ സർക്കാരാശുപത്രികളിൽ വിതരണം ചെയ്യുന്നത് ആര് മുഖേനയാണ്; | (സി) | 2013-14 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 186 കോടി രൂപയ്ക്കുള്ള മരുന്നുകൾ സംഭരിച്ചു വിതരണം ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി കേരള സർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത മരുന്നുകൾ ഏതൊക്കെ കമ്പനികളിൽ നിന്നാണ് വാങ്ങുന്നതെന്നും മരുന്നുകളുടെ പേരും കമ്പനിയുടെ പേരും ഒരു വർഷം പ്രസ്തുത കമ്പനിയ്ക്കായി നൽകുന്ന തുകയും സഹിതം വ്യക്തമാക്കാമോ; | (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 186 കോടി രൂപയ്ക്കുള്ള മരുന്നുകൾ സംഭരിച്ചു വിതരണം ചെയ്തു കഴിഞ്ഞു. മരുന്നുകളുടെയും കമ്പനികളുടെയും പേരുവിവരം **അനുബന്ധം II** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | പൊതുമേഖലാ സ്ഥാപനമായ 'കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്' എന്ന സ്ഥാപനം ഉത്പാദിപ്പിക്കുന്ന ഏതൊക്കെ മരുന്നുകളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്; എന്തു തുക ഇതിനായി ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ഇ) | 2013-14 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഡി.പി.എൽ. ഓഫർ ചെയ്തിട്ടുള്ള 39 ഇനം മരുന്നുകൾക്കാണ് കോർപ്പറേഷൻ പർച്ചേസ് ഓർഡർ നൽകിക്കൊണ്ടിരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ മരുന്നു വാങ്ങിയതിൽ നാളിതുവരെ 10.37 കോടി രൂപ നൽകിയിട്ടുണ്ട്. മരുന്ന് പട്ടിക **അനുബന്ധം III** ആയി ചേർക്കുന്നു. |
| (എഫ്) | പൊതുമേഖലയിലെ മരുന്ന് ഉൽപാദക കമ്പനിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ മരുന്നുകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സർക്കാരാശുപത്രികളിൽ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ? | (എഫ്) | മരുന്നുകളുടെ ആവശ്യകത, ഗുണനിലവാരം തുടങ്ങിയ ഘടകങ്ങൾക്ക് വിധേയമായി പരമാവധി മരുന്നുകൾ പൊതുമേഖലാ മരുന്നുല്പാദക കമ്പനിയിൽ നിന്നും വാങ്ങണമെന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**